## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3941 24/06/2014-ൽ മറുപടിക്ക്

**ആദിവാസി പെൺകുട്ടിയെ ഭൂ ഉടമ ബലാൽസംഗം ചെയ്തു കൊലപ്പെടുത്തിയ സംഭവം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ. കെ. ബാലൻ : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ചിറ്റൂർ മീനാക്ഷിപുരത്ത് ആദിവാസി പെൺകുട്ടിയെ ഭൂ ഉടമ ബലാൽസംഗം ചെയ്തു കൊലപ്പെടുത്തിയത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എപ്പോഴാണ് ശ്രദ്ധയിൽപ്പെട്ടത്; | (എ) | ഉണ്ട്. 28.05.2014 തീയതിയിലാണ് ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടത്. |
| (ബി) | വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥർ പ്രസ്തുത കുടുംബത്തെ സന്ദർശിച്ച് വിവരങ്ങൾ ആരാഞ്ഞിരുന്നോ ; എങ്കിൽ ആരാണ് സന്ദർശിച്ചത്; എന്നാണ് സന്ദർശിച്ചത്; | (ബി) | ഉണ്ട്. മരണപ്പെട്ട മണിമേഖലയുടെ അച്ഛനമ്മമാരെ പോലീസ് കസ്റ്റഡിയിൽ നിന്നും വിട്ടതൽ ചെയ്ത 31.05.2014 ന് ചിറ്റൂർ ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസറും പാലക്കാട് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിലെ ജീവനക്കാരും ടി കുടുംബത്തെ സന്ദർശിച്ച് വിവരങ്ങൾ ആരാഞ്ഞിരുന്നു. |
| (സി) | പ്രസ്തുത സംഭവം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; ഏതെല്ലാം തരത്തിലുള്ള സംരക്ഷണവും സഹായവുമാണ് ആ കുടുംബത്തിന് നൽകിയതെന്ന് വെളിപ്പെടുത്തുമോ? | (സി) | അടിയന്തിര ധനസഹായമായി 5000/- രൂപ മരണപ്പെട്ട പെൺകുട്ടിയുടെ അമ്മയ്ക്ക് അനുവദിച്ചു. 1989 ലെ പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമം തടയൽ നിയമപ്രകാരം എഫ്.ഐ.ആർ, പോസ്റ്റ്മോർട്ടം റിപ്പോർട്ട് എന്നിവ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അതിക്രമത്തിനിരയായി മരണപ്പെട്ടയാളുടെ ആശ്രിതർക്ക്/ രക്ഷിതാക്കൾക്ക് അനുവദനീയമായ 2,50,000/- രൂപയുടെ 75 ശതമാനം, അതായത് 1,87500/- രൂപയിൽ 1,64,000/- രൂപ മരണപ്പെട്ട മണിമേഖലയുടെ അമ്മയ്ക്ക് അനുവദിച്ചു. അർഹമായ അവശേഷിക്കുന്ന തുക നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**